## പ്രശാന്തി സന്ദേശം പോഡ്കാസ്റ്റ്

**പ്രഫസർ അനിൽകുമാറിന്റെ ചോദ്യോത്തരവേള – ശനിയാഴ്ച തോറും**

**Q&A 300**

# പരമസത്യത്തിലേക്കുള്ള ഒരേയൊരു മാർഗം

**THE ONLY WAY TO ULTIMATE REALITY**

ഓം ശ്രീ സായിരാം.

പ്രശാന്തി സന്ദേശം ചോദ്യോത്തരവേള നിങ്ങളെ സ്വാഗതം ചെയ്യുന്നു.

**Q. 300:**

നിങ്ങളുടെ സമയത്തിന് നന്ദി. ഇന്നത്തെ ചോദ്യം ഇതാണ്:

പരമയാഥാർത്ഥ്യത്തിലേക്കുള്ള ഒരേയൊരു മാർഗം ഏതാണ്? ഞാൻ ആവർത്തിക്കാം, പരമമായ ഉണ്മയിലേക്കുള്ള ഒരേയൊരു മാർഗം ഏതാണ്? ഈ ചോദ്യം സൂചിപ്പിക്കുന്നത്, പരമമായ യാഥാർത്ഥ്യത്തിലേക്ക് ഒന്നിലധികം മാർഗങ്ങളുണ്ട് എന്നാണ്. എന്നാൽ ഓരോന്നിനും അതിന്റേതായ സമീപനമുണ്ട്.

മറുപടി നൽകുന്നതിനായി നമുക്ക് ഈ ചോദ്യം മനസ്സിലാക്കാൻ ശ്രമിക്കാം. വാസ്തവത്തിൽ, ഞാൻ നിങ്ങളോട് ഇതിന്റെ മറുപടി നേരേ പറയാം. സകല ജീവികളിലും കുടി



കൊള്ളുന്ന ആത്മാവിനെ ദർശിക്കുന്നവനാരോ, ആത്മാവ് സകല ജീവികളിലും നിറഞ്ഞിരിക്കുന്നത് ദർശിക്കുന്നവനാരോ, ആ വ്യക്തി ഈശ്വരനെ ദർശിക്കുന്നു. ഇതിനർത്ഥം, ഞാൻ എല്ലാ ജീവികളിലും ആത്മാവിനെ ദർശിക്കുന്നു, ആത്മാവ് സകല ജീവികളിലും കുടികൊള്ളുന്നു. ഇത്തരത്തിലുള്ള സമീപനം മാത്രമാണ് പരമമായ യാഥാർത്ഥ്യത്തിലേക്ക് നയിക്കുന്ന ഒരേയൊരു മാർഗം.

ഈ ‘ഏകം’ സകല പരിമിതികളെയും സംക്രമിക്കുന്നു, സകല അതിർത്തികളെയും ഭേദിക്കുന്നു. എല്ലാ ജീവികളിലും ആത്മാവിനെ ദർശിക്കുന്നവന്, ഈ ശരീരം ‘ഞാൻ’ (I) എന്നു തോന്നുന്നില്ല, വൃക്ഷം ‘അത്’(Thou) എന്നു തോന്നിക്കുന്നില്ല. അവന്റെ ‘ഞാൻ’ വൃക്ഷത്തിലേക്കും പടരുന്നു. വൃക്ഷത്തിന്റെ ‘അത്’ അവനെയും ചൂഴുന്നു. അവനെ സംബന്ധിച്ചിടത്തോളം അതിർത്തിരേഖയില്ല. ഈ ലോകത്തിലെ ‘ഞാൻ’,

'നീ' എന്ന രേഖയാണ് അതിർത്തിയുടെ തോന്നൽ സൃഷ്ടിക്കുന്നത്. അതെ, 'ഞാൻ', 'നീ' എന്നിവയുടെ ഇടയ്ക്ക് ഒരു അതിർത്തി തോന്നിക്കുന്നു എന്നതിനർത്ഥം, നിങ്ങൾ സ്വയം വേറിട്ടവനാണെന്ന് നിങ്ങൾക്ക് തോന്നുന്നു എന്നാണ്.

അപ്പോൾ, രണ്ട് കാഴ്ചപ്പാടുകളുണ്ട്. ഒരു കാഴ്ചപ്പാട്, എല്ലാ ജീവികളും ആത്മാവിലാണ്, ആത്മാവ് സകല ജീവികളിലുമുണ്ട് എന്നതാണ്. ഇതിനർത്ഥം ആത്മാവ് മാത്രമേ ഉള്ളൂ എന്നാണ്. 'ഞാൻ', 'നീ' എന്ന ചോദ്യമില്ല. ഇതാണ് ഒരു വീക്ഷണം. നമുക്കിത് മനസ്സിലാക്കാൻ ശ്രമിക്കാം.


മാർട്ടിൻ ബുബർ(1878-1965)

നേരേമറിച്ച്, മറ്റൊരു വീക്ഷണവുമുണ്ട്. മാർട്ടിൻ ബുബർ 'ഞാനും നീയും(I and Thou)' എന്ന ശീർഷകത്തിൽ ഒരു പുസ്തകം രചിച്ചിട്ടുണ്ട്. മാർട്ടിൻ ബുബർ ഈ നൂറ്റാണ്ടിലെ ഒരു ജൂത തത്വശാസ്ത്രജ്ഞനും മഹാനായ ചിന്തകനുമാണ്. ഓരോരുത്തരും ആദരിക്കുന്ന, ആരാധിക്കുന്ന വലിയ ചിന്തകരിൽ ഒരാളാണ് അദ്ദേഹം.

പക്ഷേ ജൂതചിന്ത 'ഞാനും നീയും'എന്നതിനപ്പുറം പോവുന്നില്ല. 'ഞാനും നീയും'തമ്മിലുള്ള ബന്ധങ്ങളെക്കുറിച്ച് അഗാധ പഠനങ്ങൾ നടത്തിയിട്ടുള്ള ആളാണ് അദ്ദേഹം, അദ്ദേഹം പറയുന്നത് ജീവിതത്തിന്റെ ഏറ്റവും ഉന്നതമായ അനുഭവങ്ങൾ സംഭവിക്കുക 'എനിക്കും' 'നിനക്കും' ഇടയ്ക്കുള്ള തികഞ്ഞ ബന്ധ(relationship)ത്തിലാണെന്നാണ്.

ഇതർത്ഥമാക്കുന്നത്, ബുബർ 'ഞാനും നീയും'എന്ന തത്വശാസ്ത്രത്തിന്റെ, അഥവാ വേറിട്ടു നിൽക്കുന്നതിന്റെ വക്താവാണ് എന്നാണ്, ഈ ബന്ധത്തിലാണ് പൂർണ്ണതയിരിക്കുന്നത് എന്നാണദ്ദേഹം അവകാശപ്പെടുന്നത്. അതാണ് ബുബറുടെ കാഴ്ചപ്പാട്. എന്നു തന്നെയല്ല, ആർക്കും തന്നെ ഒറ്റയ്ക്ക് വളരാൻ കഴിയില്ല എന്നാണ് അദ്ദേഹത്തിന്റെ തോന്നൽ. ഒരു തരത്തിൽ, ആർക്കും ഒറ്റയ്ക്കാവാൻ പറ്റില്ല എന്തെന്നാൽ, അവൻ ഒറ്റയ്ക്കാണെങ്കിൽക്കൂടി, അവൻ വളരെ അസന്തുഷ്ടനായിരിക്കും. ഇതാണ് മാർട്ടിൻ ബുബറിന്റെ വീക്ഷണം.

ഇത് മനസ്സിലാക്കിയിരിക്കേണ്ടതാണ് എന്തെന്നാൽ, പൗരസ്ത്യചിന്ത ഇതിന് നേരെ വിപരീതമാണ്. നേരെ വിപരീതം! കിഴക്ക് പറയുന്നത്, നിങ്ങൾ എത്ര കൂടുതൽ ഏകാന്തത(alone-ness)യിലേക്ക് പോകുന്നുവോ, അത്ര കൂടുതൽ നിങ്ങൾ ഏകാന്തനാവുന്നു, കേവലമായി ഒറ്റയ്ക്കാവുന്നു, അത്രയും കൂടുതൽ നിങ്ങൾ വളരുന്നു എന്നാണ്. അപ്പോൾ, പൗരസ്ത്യ തത്വചിന്ത ഏകാന്തതയിൽ വിശ്വസിക്കുന്നു, അത് ബന്ധത്തിന്റെയോ ബന്ധരാഹിത്യത്തിന്റെയോ ഒരു പ്രശ്നമല്ല. അല്ല! ബുബറിന്റെ വീക്ഷണത്തിന് നേരെ എതിരാണത്.

ജൂത തത്വചിന്ത ഇതിനെ മറ്റേ അറ്റത്തുനിന്നുകൊണ്ടാണ് വീക്ഷിക്കുന്നത്. അത് പറയുന്നത്, നിങ്ങൾ എത്രയധികം ഏകാന്തതയിലേക്ക് പോകുന്നുവോ, നിങ്ങൾ അത്രയധികം ദരിദ്രനും നികൃഷ്ടനും ആയിത്തീരും എന്നാണ് എന്തുകൊണ്ടെന്നാൽ, ബന്ധങ്ങൾ ഇല്ലാതെ വളർച്ച സാധ്യമാവില്ല. അപ്പോൾ ബന്ധം എത്ര ആഴത്തിലാണോ, അത്ര കൂടുതൽ നിങ്ങൾ വളരും, ബന്ധത്തിന്റെ പരമമായ ആഴം 'ഞാനും നീയും' തമ്മിലുള്ള അടുപ്പത്തിലാണ്.

നിങ്ങൾ ആരെയെങ്കിലും 'താങ്കൾ(Thou)' എന്നു വിളിക്കുമ്പോൾ, ഇതിലൂടെ നിങ്ങളും ഒരു നിശ്ചിത ഔന്നത്യത്തിലെത്തുകയാണ്. നിങ്ങൾ ആരെയെങ്കിലും സ്നേഹത്തോടെ അഭിസംബോധന ചെയ്യുമ്പോൾ നിങ്ങളും പരിവർത്തനം ചെയ്യപ്പെടുകയാണ്.



ഇത് നല്ലതാണ്. ഈ മാനം(dimension) മൂല്യവത്താണ്. എന്നിരുന്നാലും, ഈ ലോകത്ത് രണ്ടു തരത്തിലുള്ള ജനങ്ങളുണ്ട്, കിഴക്കും പടിഞ്ഞാറും ഈ രണ്ടു തരത്തിലുള്ള ജനങ്ങളുടെ പ്രതീകങ്ങളായിത്തീർന്നിരിക്കുന്നു. അതെ, അവ രണ്ട് വിപരീതാർത്ഥങ്ങളാ(opposite halves)കുന്നു.

യുങ്(1875-1961) 1955 ലെ
ഒരു ഇന്റർവ്യൂവിൽ

യുങ്(Carl Gustav Jung) രണ്ടുതരം വ്യക്തിത്വങ്ങളെയാണ് അംഗീകരിക്കുന്നത്, ശരിക്കും അങ്ങനെയാണു താനും. ഒരു കൂട്ടർ അന്തർമുഖ(introvert)രും മറ്റേ കൂട്ടർ ബഹിർമുഖ(extrovert)രും. അന്തർമുഖൻ ഏകാന്തതയിൽ വളരുന്നു, അവൻ എത്രകണ്ട് ഒറ്റയ്ക്കാണോ അത്രകണ്ട് അവൻ വളരും. മറ്റൊരുവന്റെ സാന്നിധ്യം അവന് ദോഷം ചെയ്യുന്നു. ഒരു ആൾക്കൂട്ടത്തിൽനിന്ന് മടങ്ങുമ്പോഴൊക്കെ, തനിക്കെന്തോ നഷ്ടമായതായി അവന് തോന്നുന്നു. മറ്റൊരു വ്യക്തിയെ കണ്ടുമുട്ടു

ബോളൊക്കെ, താൻ അധ:പതിച്ചതായി അവന് തോന്നുന്നു. ആരോടെങ്കിലും സംസാരിക്കുമ്പോൾ, തന്റെയുള്ളിലെന്തോ അസ്വസ്ഥതയുണ്ടാകുന്നതായി അവന് തോന്നുന്നു. അവൻ നിശ്ശബ്ദനായിരിക്കുമ്പോൾ, ഏകാന്തതയിൽ, താനൊഴികെ മറ്റാരും അവിടെയില്ലാത്തപ്പോൾ, തന്റെ ആത്മാവ് വിഹായസ്സിലേക്ക് പൊങ്ങിപ്പോവുന്നതായി അവന് തോന്നുന്നു. ഇതാണ് അന്തർമുഖൻ.

ഈ അന്തർമുഖത്വത്തിന്റെ ഒരു പ്രതീകമാണ് കിഴക്ക്. അതുകൊണ്ട്, കിഴക്ക് ഉത്ഭവിച്ച മതങ്ങൾ ഏകാന്തത, വിജനത, സന്യാസം, ബന്ധങ്ങളിൽനിന്ന് മുക്തി, സ്വാതന്ത്ര്യം ഇവയ്ക്ക് പ്രാധാന്യം നൽകി. നേരെ മറിച്ച്, ഇന്ത്യയ്ക്കു പുറത്ത് പടിഞ്ഞാറ് ഉത്ഭവിച്ച എല്ലാ മതങ്ങളും, ജൂതമതത്തിൽ നിന്നാണ് ഉണ്ടായത്. അതുകൊണ്ട്, ഇന്ത്യയിൽ ജനിച്ച എല്ലാ മതങ്ങളുടെയും വേരുകൾ ഹിന്ദുമതത്തിലാണ്, ഇന്ത്യയ്ക്ക് പുറത്ത് ഉത്ഭവിച്ച എല്ലാ മതങ്ങൾക്കും വേരുകൾ യഹൂദമത(Judaism)ത്തിലാണ്. അതെ. ഹിന്ദുമതവും യഹൂദമതവും മാത്രമാണ് അസ്സൽ മതങ്ങൾ. മറ്റെല്ലാ മതങ്ങളും ഇവ രണ്ടിന്റെയും ശാഖകളാണ്.

ഹിന്ദുമതം അന്തർമുഖമാണ്. യഹൂദമതം ബഹിർമുഖമാണ്. ഇക്കാരണത്താലാണ് ഹിന്ദുക്കൾക്ക് ഒരു ജൂതനെ മനസ്സിലാക്കാൻ കഴിയാത്തത്, അതുപോലെ ഒരു ജൂതന് ഹിന്ദുവിനെ മനസ്സിലാക്കാൻ കഴിയാത്തതും. ഈ രണ്ട് വീക്ഷണങ്ങളുടെയും ഒരു സംഗമം ഒന്നു സങ്കൽപിച്ചുനോക്കൂ! ഭാവനയിൽ കാണൂ! അത് വളരെ പ്രയാസകരമായിരിക്കും. അത് വളരെ പ്രയാസമായിരിക്കും എന്തെന്നാൽ, അവ വളരെ വിഭിന്നങ്ങളാണ്.

ഒരു ജൂതൻ പറയുന്നു, “ഞാൻ ഒറ്റയ്ക്ക് മരിക്കും, ഞാൻ മുരടിച്ചുപോവും. (മനുഷ്യനും ഈശ്വരനും തമ്മിലുള്ള)ബന്ധത്തിലാണ് എല്ലാ വളർച്ചയും. ബന്ധം എത്ര ദൃഢമുള്ളതാവുന്നോ, എന്റെ പ്രജ്ഞാബോധവും(Consciousness) വളരും.”




അതുകൊണ്ട്, ഭാര്യയും കുട്ടികളുമില്ലാതെ ഒരു ജൂതജ്ഞാനിയെ നിങ്ങൾ കാണില്ല. ഒരു ജൂത യോഗി സമൂഹത്തിന്റെ ഒരു ഭാഗമായിരിക്കും. അയാൾ ലോകത്തെ ഉപേക്ഷിക്കില്ല. അയാൾക്ക് ആ ആശയം ഉൾക്കൊള്ളാൻ പോലും പറ്റില്ല! ഇതിനു വിരുദ്ധമായി, അയാൾക്ക് മറ്റുള്ളവരേക്കാളധികം ബന്ധങ്ങൾ ഉണ്ടാവും എന്തെന്നാൽ, അയാളുടെ ധാരണ തന്നെ, തനിക്ക് എത്ര കൂടുതൽ ബന്ധങ്ങളുണ്ടോ, അത്രയ

ധികം താൻ വളരുകയും ഒരു ആന്തരബന്ധം വികസിപ്പിക്കുകയും ചെയ്യും എന്നാണ്. ബന്ധുത്വം അഥവാ അന്യബന്ധം ആണ് വളർച്ചയ്ക്കുള്ള അയാളുടെ മാർഗം. ഇതാണ് ജൂത സമീപനം.

ചുരുക്കത്തിൽ ഞാൻ പറയട്ടെ, ജൂത സമീപനം വിശ്വസിക്കുന്നത് ബന്ധങ്ങളിലാണ്, പരസ്പര ബന്ധങ്ങളി(inter-relationships)ലാണ്. ജൂതചിന്ത പറയുന്നത് പരമമായി മനുഷ്യൻ 'ഞാൻ( I)' ആയി തുടരുന്നു എന്നും, മാനവവംശം മുഴുവനും 'നിങ്ങൾ(Thou)' ആയിരിക്കും എന്നുമാണ്. മുഴുവൻ വിശ്വവും 'നിങ്ങൾ(Thou)' ആയിരിക്കും, മനുഷ്യൻ 'ഞാൻ( I)' ആയി തുടരും. ഇതു രണ്ടിനുമിടയ്ക്ക്, 'ഞാൻ( I)', 'നിങ്ങൾ(Thou)' ഇവയ്ക്കിടയിൽ നടക്കുന്ന സംഗമത്തിൽ, മനുഷ്യന്റെ ആത്മാവ് പരമമായതും തികഞ്ഞതുമായ വളർച്ചയിൽ എത്തിച്ചേരും.

എന്നാൽ ജൂതചിന്ത ഇതിനപ്പുറത്തേക്ക് വളരില്ല. മറ്റു വാക്കുകളിൽ പറഞ്ഞാൽ, ഞാൻ മറ്റൊരുവനെ, 'നിങ്ങളെ(Thou)', കാണാത്തിടത്തോളം പൂർണത ഉണ്ടാവില്ല. അതുവരെ 'ഞാൻ( I)', 'നിങ്ങൾ(Thou)' ഇവ പ്രത്യേകമായിരിക്കും. ഈ സമാഗമം കൂടാതെ, 'ഞാൻ( I)' ഒറ്റയ്ക്കു കഴിയും, മുരടിക്കാൻ തുടങ്ങും. ജൂത തത്വചിന്ത ഇതാണ്.

പക്ഷേ പൗരസ്ത്യ ഹിന്ദു തത്വശാസ്ത്രം ഇതിനുമപ്പുറം പോകുന്നു. അത് ഇതിനും മീതെ പോകുന്നു. അത് പറയുന്നത്, 'നിങ്ങൾ(Thou)' നിങ്ങളായിരിക്കുന്നിടത്തോളം, 'ഞാൻ(I)' ഞാനായിരിക്കുന്നിടത്തോളം, ബന്ധം എത്രതന്നെ ആഴമുള്ളതായാലും, അത് ഇപ്പോഴും പരമമായത് അല്ല. നിങ്ങൾ ഉറ്റ ബന്ധങ്ങൾ വളർത്തിയേക്കാം, പോഷിപ്പിച്ചേക്കാം, എന്നിട്ടും 'ഞാൻ( I)' ഞാനായും 'നിങ്ങൾ(Thou)' നിങ്ങളായും തുടരുന്നുവെങ്കിൽ, ഏതെങ്കിലും തരം പൂർണത സംഭവിക്കുക സാധ്യമല്ല എന്തെന്നാൽ, വ്യത്യാസം അപ്പോഴും അവിടെയുണ്ട്. 'ഞാൻ( I)', 'നിങ്ങൾ(Thou)' ഇവയ്ക്കിടയിലുള്ള ഈ അകലം വളരെ ചെറുതാവാം, എന്നാൽ അപ്പോഴും അതൊരു അകലമാണ്.

അകലത്തെ സംബന്ധിക്കുന്ന കൗതുകകരമായ ഒരു കാര്യം എന്തെന്നാൽ, അത് കുറയുന്തോറും അത് കൂടുതൽ മുറിവേൽപ്പിക്കുന്നു, കൂടുതൽ നോവിക്കുന്നു എന്നതാണ്; ദൂരം കൂടുന്തോറും അത് കുറച്ചേ ശ്രദ്ധിക്കപ്പെടുന്നുള്ളൂ. അപ്പോൾ ദൂരം കൂടുതലായി ശ്രദ്ധിക്കപ്പെടുന്നത് അത് വളരെ കുറവുള്ളപ്പോളാണ്, അതുളവാക്കുന്ന നൊമ്പരം

അസഹ്യമാണ്. കാമുകീകാമുകന്മാർ അനുഭവിക്കുന്ന നൊമ്പരത്തിന്റെ സഹജമായ കാരണം ഇതാണ്. ദൂരം കുറവാകാം, എന്നിരുന്നാലും അത് പൂർണമായും ആഴ ത്തിലും അനുഭവിക്കപ്പെടുന്നു, അത് പ്രേമികളെ നോവിക്കുന്നു. അതുകൊണ്ട്, അവർക്കു തമ്മിൽ എത്ര അടുപ്പമുണ്ടായാലും, അകലം മാഞ്ഞുപോവാൻ സാധ്യമല്ല. പക്ഷേ എന്നെങ്കിലും ഒരു ദിവസം ആ അകലം അപ്രത്യക്ഷമാവുമെന്ന് അവരാശിക്കു ന്നു.

കമിതാക്കൾ ഓരോ തവണയും അടുക്കുമ്പോൾ, ഒരു ഘർഷണവും, കൂട്ടിമുട്ടലും, സംഭവിക്കുന്നു. പക്ഷേ, അകലം മാഞ്ഞുപോവുന്നില്ല. ദൂരബോധം കൂടുതലാവുന്നു എന്തെന്നാൽ, ഇപ്പോളത് കൂടുതലായി നൊമ്പരപ്പെടുത്തുന്നു. അത് കൂടുതലായി നൊമ്പരപ്പെടുത്തുന്നത് എന്തുകൊണ്ടെന്നാൽ, അകലം മാഞ്ഞുപോവണമെന്ന് അവരാ ഗ്രഹിക്കുന്നു.

ഇപ്പോൾ തീരം അത്രയ്ക്കടുത്താണ്, നിങ്ങൾക്ക് കൈ നീട്ടിയാൽ മറ്റേയാളെ തൊടാം.



പക്ഷേ ആ സ്പർശം അഥവാ ഒന്നാണെന്ന ഭാവം സംഭവിക്കുന്നില്ല, അതുകൊണ്ട് അകലം നിലനിൽക്കുന്നു. നിങ്ങൾ ഈശ്വരന്റെ തൊട്ടടുത്ത് ചെന്നാലും, ഭാഷ പ്രണയികളുടേതുപോലെ 'ഞാനും നീയും'('I' and 'Thou') എന്നായാലും, അകലം തുടരുന്നു.

അതുകൊണ്ട്, ഉപനിഷത്തിന്റെ രചയിതാക്കൾ ഇപ്രകാരം പറയുന്നു, "ഒരുവന്റെ ആത്മാവ് സകല ജീവികളിലും ഇല്ലെങ്കിൽ, പിന്നെ സകല ജീവികളും ഒരുവന്റെ ആത്മാവിലില്ലെങ്കിൽ, 'നീ' 'ഞാൻ' ആവുന്നില്ല, 'ഞാൻ' 'നീ' ആവുന്നില്ല എങ്കിൽ, അകലം തുടരും.

പ്രിയ പ്രിയതമൻ ആവുകയും പ്രിയതമൻ പ്രിയ ആവുകയും ചെയ്യുന്ന കുതിപ്പാണിത്. ഭക്തൻ ഭഗവാനാവുകയും ഭഗവാൻ ഭക്തനാവുകയും ചെയ്യുന്ന അവസാന കുതിപ്പാ ണിത്. ഇത് അന്തിമമായ കുതിപ്പാണ്. ആര് ആരാണ് എന്ന് ഇനിയും വ്യക്തമാവില്ല. ആര് ആരാണ് എന്ന് ഇനിയും അറിയാനാവില്ല.

അപ്പോൾ, ഉപനിഷത്തിന്റെ ഋഷി പറയുന്നു, "സകല ജീവികളിലും ആത്മാവ് കുടികൊള്ളുന്നതും, അതുപോലെ സകല ജീവികളും ആത്മാവിനെ ചൂഴുന്നതും ദർശിക്കുന്നവനാരോ, അതാണ് ബ്രഹ്മൻ, പരമ യാഥാർത്ഥ്യം മറ്റെന്ത്!"




മറ്റ് മാർഗങ്ങളില്ല. ബുദ്ധിക്ക് ചിന്തിക്കാനും ഗ്രഹിക്കാനും കഴിയുന്ന അന്തിമ പ്രസ്താവമാണിത്. ഇതിനപ്പുറം, സംവേദനത്തിന്റെ ലോകം അവസാനിക്കുന്നു, അവിടെ ചിന്തയ്ക്ക് സാധ്യതയൊന്നുമില്ല.

നിങ്ങളുടെ സമയത്തിന് നന്ദി. നമുക്ക് അടുത്ത വേള കാണാം.
നിങ്ങൾക്ക് നന്ദി.



**പ്രഫ. അനിൽകുമാർ കാമരാജു**
(പരിഭാഷ: എം.എൻ. വിനോദ്കുമാർ)